പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5394 06.07.2012-ൽ മറുപടിയ്ക്ക്

ആശുപത്രികളിൽ ഒപ്ടോമെട്രിസ്റ്റിന്റെ സേവനം ലഭ്യമാക്കുവാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | ശ്രീ. വി. എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ വകുപ്പിന് കീഴിൽ നിലവിൽ എത്ര ഒപ്ടോമെട്രിസ്റ്റ്, സീനിയർ ഒപ്ടോമെട്രിസ്റ്റ് തസ്തികകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സീനിയർ ഒപ്ടോമെട്രിസ്റ്റ് - 66<br>ഒപ്ടോമെട്രിസ്റ്റ് ഗ്രേഡ് - 1 - 132<br>ഒപ്ടോമെട്രിസ്റ്റ് ഗ്രേഡ് - 2 - 133<br>ആകെ 331 |
| (ബി) മുൻ സർക്കാരിന്റെ കാലയളവിൽ എത്ര ആശുപത്രികൾ ജില്ലാ ആശുപത്രിയായും ജനറൽ ആശുപത്രിയായും താലൂക്ക് ആശുപത്രിയായും അപ്ഗ്രേഡ് ചെയ്തു എന്ന് വെളിപ്പെടുത്തുമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് 6 ആശുപത്രികളെ സ്പെഷ്യാലിറ്റി ആശുപത്രികളായും, 2 ആശുപത്രികളെ ജില്ലാ ആശുപത്രിയായും, 2 ആശുപത്രികളെ ജനറൽ ആശുപത്രിയായും, 7 ആശുപത്രികളെ താലൂക്ക് ആശുപത്രികളായും 27 സി.എച്ച്.സികളെ താലൂക്ക് ആശുപത്രികളായും അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. |
| (സി) അപ്ഗ്രേഡ് ചെയ്യപ്പെട്ട പ്രസ്തുത ആശുപത്രികളിൽ ഒഫ്താൽമോളജിസ്റ്റിന്റെ സേവനം ലഭ്യമാണോ; സേവനം ലഭ്യമായ ആശുപത്രികൾ ഏതെല്ലാമാണ്; | (സി) | അപ്ഗ്രേഡ് ചെയ്ത താഴെ കാണുന്ന ആശുപത്രികളിൽ ഒഫ്താൽമോളജിസ്റ്റിന്റെ തസ്തിക അനുവദിച്ചിട്ടുണ്ട്.<br>താലൂക്ക് ആശുപത്രി - പാറശ്ശാല, ചെങ്ങന്നൂർ, കായംകുളം, വൈക്കം, അടിമാലി, നെടുംകണ്ടം, കോതമംഗലം, കരുവേലിപ്പടി, കുന്ദംകുളം, പട്ടാമ്പി, മലപ്പുറം, കുറ്റ്യാടി, നാദാപുരം, താമരശ്ശേരി, പേരാമ്പ്ര, കൂത്തുപറമ്പ്, പയ്യന്നൂർ, പേരാവൂർ, വൈത്തിരി, നെടുമങ്ങാട്, തിരുവല്ല, ആലത്തൂർ, സുൽത്താൻബത്തേരി, കുറ്റിപ്പുറം, ഫറോക്ക്. |
| (ഡി) പ്രസ്തുത ആശുപത്രികളിൽ ഒപ്ടോമെട്രിസ്റ്റിന്റെ സേവനം ലഭ്യമല്ലാത്തിടത്ത് പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ആരോഗ്യ വകുപ്പു ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിലെ ന്യൂനതകൾ പരിഹരിച്ച് ആരോഗ്യ വകുപ്പു ഡയറക്ടറുടെ ശുപാർശ സഹിതം സമർപ്പിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ